ചെറുകിട ജലസേചനപദ്ധതികൾക്ക് വക കൊള്ളിച്ചിട്ടുള്ള തുക

562. [683] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ഡോക്ടർ സുബ്ബറാവു :
ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986-87 സാമ്പത്തിക വർഷത്തിൽ ചെറുകിട ജലസേചനപദ്ധതികൾക്കുവേണ്ടി വക കൊള്ളിച്ചിട്ടുള്ള തുകയെത്ര ;

(ബി) അവയിൽ സെപ്റ്റംബർ 31 വരെ എന്തു തുക ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 989 ലക്ഷം രൂപ. ഇതിൽ 200 ലക്ഷം രൂപ കൂടിശ്ശിക ബിൽ കൊടുത്തു തീർക്കുവാൻവേണ്ടി ഇക്കൊല്ലം പ്രത്യേകമായി അനുവദിച്ചതാണ്.

(ബി) 30-9-1986 വരെ ചെലവായ തുക 560.54 ലക്ഷം രൂപ.

(സി) ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല. എന്നാൽ ഡിവിഷൻ തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	ഡിവിഷന്റെ പേര്	1986-1987 ലേക്ക് നീക്കിവച്ചിട്ടുള്ള തുക (തുക ലക്ഷത്തിൽ)	30-6-1985 വരെ ചെലവായ തുക (തുക ലക്ഷത്തിൽ)
1	മൈനർ ഇറിഗേഷൻ ഡിവിഷൻ തിരുവനന്തപുരം	84.38	44.36
2	കൊല്ലം	92.52	65.41
3	ചെങ്ങന്നൂർ	99.52	62.90
4	കോട്ടയം	61.32	41.55
5	എറണാകുളം	160.82	55.71
6	തൃശ്ശൂർ	114.52	67.08
7	പാലക്കാട്	79.52	34.03
8	മലപ്പുറം	150.75	93.38
9	കോഴിക്കോട്	73.57	37.99
10	കണ്ണൂർ	72.17	28.13
	ആകെ	988.99	560.54

LIBRARY ARCHIVES Kerala Legislative Assembly